ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ/ഉദ്യോഗസ്ഥയോ ആയിരിക്കണം പരിശോധിച്ച് അംഗീകാരം നൽകേണ്ടത്.

(ii) ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്ടുകൾ അതത് മേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥനോ/ ഉദ്യോഗസ്ഥയോ അല്ലെങ്കിൽ അതത് മേഖലയിലെ സംസ്ഥാനതല ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ/ഉദ്യോഗസ്ഥയോ ആണ് അംഗീകാരം നൽകേണ്ടത്.

(iii) ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം നൽകേണ്ടത് അതത് മേഖലയിലെ സംസ്ഥാനതല ഉദ്യോഗസ്ഥനോ/ഉദ്യോഗസ്ഥയോ അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ/ഉദ്യോഗസ്ഥയോ ആയിരിക്കണം.

(2) ഒരു പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടത് ആ പ്രോജക്ട് ഉൾപ്പെടുന്ന മേഖലയിലെ ഒരു ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ആയിരിക്കണം. നിർവഹണ ചുമതല ഏൽപ്പിക്കുന്നതിന് ഒരു വിഷയമേഖലയിൽ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ഇല്ലാത്തതുകൊണ്ട് മറ്റൊരു മേഖലയിലെ ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുന്ന സന്ദർഭത്തിൽ, ആ പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകാൻ നിയോഗിക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ മേലുദ്യോഗസ്ഥനെ/മേലുദ്യോഗസ്ഥയെ അല്ല, മറിച്ച് പ്രോജക്ട് ഉൾപ്പെടുന്ന മേഖലയിലെ ഉചിതമായ തലത്തിലെ ഒരു ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെയാണ്.

ഉദാ: മത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർവഹണ ചുമതല ഏൽപ്പിക്കുന്നതിന് മത്സ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ഇല്ലാത്ത ഒരു തദ്ദേശഭരണ സ്ഥാപനം, കൃഷി ഓഫീസറെയാണ് ആ ചുമതല ഏൽപ്പിക്കുന്നതെങ്കിലും പ്രസ്തുത പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടത് മത്സ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ തന്നെയാണ്.

(3) ഒരു പ്രോജക്ട് യാതൊരു കാരണവശാലും ആ പ്രോജക്ട് നിർവഹണം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ തന്നെ അംഗീകാരം നൽകാൻ പാടില്ല. അതായത് പ്രോജക്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനും/ഉദ്യോഗസ്ഥയും നിർവഹണം നടത്തുന്ന ഉദ്യോഗസ്ഥനും/ ഉദ്യോഗസ്ഥയും ഒരാളാകാൻ പാടില്ല.

(4) പരിശോധനയ്ക്കായി വെറ്റിംഗ് ഓഫീസർക്ക് ലഭിച്ച പ്രോജക്ട് തന്റെ സാങ്കേതിക വൈദഗ്ധ്യ പരിധിയിൽ വരുന്നതല്ലെങ്കിൽ വെറ്റിംഗ് ഓഫീസർക്ക് അത് തിരിച്ചയക്കാവുന്നതാണ്. അതുപോലെ പരിശോധനയ്ക്കായി ലഭിച്ച ഒരു പ്രോജ്ക്ട് തന്റെ ചുമതലാ പരിധിയിൽ ഉൾപ്പെടാത്തതോ, അംഗീകാരം നൽകുന്നതിന് മറ്റേതെങ്കിലും ഉദ്യോഗസ്ഥരുടെയോ സ്ഥാപനങ്ങളുടെയോ സമിതികളുടെയോ ശുപാർശ കൂടി ആവശ്യമാണെങ്കിലോ അക്കാര്യം രേഖപ്പെടുത്തി പ്രോജക്ട് തിരികെ നൽകേണ്ടതാണ്.

(5) ഒരു പ്രോജക്ടിന്റെ സാങ്കേതിക പ്രായോഗിക ക്ഷമത സാക്ഷ്യപ്പെടുത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ബ്ലോക്ക് തലത്തിൽ ഇല്ലായെങ്കിൽ അത്തരം പ്രോജക്ടുകൾ

(iii) ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ചെക്ക്മെഷർമെന്റ് നടത്തുന്നതിന്, സാങ്കേതികമാനുമതി നൽകുന്നതിനു വേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിലെ തീരുമാന പ്രകാരം വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ചെക്ക് മെഷർമെന്റിന് എസ്റ്റിമെറ്റ് തുകയുടെ ആകെ 0.5 ശതമാനം ഓണറേറിയം നൽകാവുന്നതാണ്.

(iv) വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ സേവനം ആവശ്യമായത്ര ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന ജില്ലകളിൽ സർക്കാർ മേഖലയിലെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് വിരമിച്ച ഒരാളോ സർക്കാർഎഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒരു അധ്യാപകനോ, അംഗമായി ഉണ്ടാകണം എന്ന നിബന്ധനയോടെ ബി.ടെക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസും ഉള്ളവരെ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിക്ക് ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഖണ്ഡിക 3.8.2 (7), (8), (9) എന്നിവയിൽ പ്രതിപാദിക്കുന്ന രീതിയിൽ ഈ കമ്മിറ്റിയിൽ നിന്നും സാങ്കേതികാനുമതി വാങ്ങാവുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കൽ, ബില്ലുകൾ തയ്യാറാക്കൽ, ചെക്ക്മെഷർമെന്റ് നടത്തൽ എന്നീ ചുമതലകൾ നിറവേറ്റുന്നതിന് കമ്മിറ്റിയിലെ അംഗങ്ങളുടെ സേവനം ഉപയോഗിക്കാവുന്നതുമാണ്. മുകളിൽ പ്രതിപാദിച്ച പ്രതിഫലം/ഓണറേറിയം ഇവർക്ക് നൽകാവുന്നതാണ്.

**(8) ഇലക്ട്രോണിക്സ് പ്രവൃത്തികൾ**

ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മാതൃകയിലെ സമാന സംവിധാനം ഇലക്ട്രോണിക്സ് പ്രവൃത്തികൾക്കും രൂപീകരിക്കേണ്ടതാണ്. അതായത് ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവഹണ മേൽനോട്ടം വഹിക്കൽ, ബില്ലുകൾ തയ്യാറാക്കൽ എന്നിവയ്ക്ക് ജില്ലാതലത്തിൽ പൊതു മരാമത്ത് (ഇലക്ട്രോണിക്സ്), കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രോണിക്സ് എഞ്ചിനീയർമാരുടെ ഒരു പ്രത്യേക പാനൽ ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. അതുപോലെ എല്ലാ തലത്തിലെയും തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവൃത്തികൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി ഒരു പ്രത്യേക ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കോർപ്പറേഷനുകൾക്ക് വേണ്ടി പ്രത്യേക കമ്മിറ്റി ആവശ്യമില്ല. പൊതുമരാമത്ത് (ഇലക്ട്രോണിക്സ്), കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രോണിക്സ് എഞ്ചിനീയർമാർ, എഞ്ചിനീയറിംഗ് കോളേജുകളിലെ ഇലക്ട്രോണിക്സ് വിഭാഗം അധ്യാപകർ എന്നിവർ അംഗങ്ങളായിരിക്കണം. ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് മേൽപറഞ്ഞ പ്രകാരം നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ കാര്യത്തിലും പാലിക്കേണ്ടതും നിശ്ചിത പ്രതിഫലം/ഹോണറേറിയം നൽകാവുന്നതുമാണ്.

(9) താരതമ്യേന വലിയ പ്രോജക്ടുകൾ സാധ്യതാ പഠനം നടത്തിയതിനു ശേഷം മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇത്തരമൊരു പഠനം നടത്തുന്നതിന് ജില്ലാ റിസോഴ്സ് സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. സാധ്യതാ പഠനത്തിന് ശേഷം തയ്യാറാക്കുന്ന സ്ഥല പരിശോധനാ റിപ്പോർട്ട്, പ്ലാൻ, ഡിസൈൻ എന്നിവ ചീഫ് എഞ്ചിനീയർ കൺവീനറായുള്ള ഒരു സാങ്കേതിക സമിതി

(8) സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ കുട്ടികൾക്ക് കായിക പരിശീലനങ്ങൾ നൽകാവുന്നതാണ്. ജില്ലയിലെ സ്കൂളുകളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യത്തിനുള്ള പരിശീലകരെ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പ്രോജക്ട് ജില്ലാപഞ്ചായത്തുകൾക്ക് രൂപീകരിക്കാവുന്നതാണ്.

(9) കുട്ടികളുടെ പാർക്ക് ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകൾക്ക് സജ്ജമാക്കാവുന്നതാണ്.

(10) കുട്ടികൾക്ക് യോഗ പരിശീലന പ്രോജക്ടുകൾ ആയുഷ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കാവുന്നതാണ്.

(11) അങ്കണവാടി പോഷകാഹാര വിതരണം, എസ്.എസ്.കെ.പ്രോജക്ട് വിഹിതങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുതലായവയ്ക്ക് വേണ്ട വിഹിതം കണ്ടെത്തുന്നതിന് ഖണ്ഡിക 5.4. (10) പ്രകാരം നിർബന്ധമായും നീക്കിവെയ്ക്കേണ്ട 5 ശതമാനം തുക ഉപയോഗിക്കാൻ പാടില്ല.

(12) ഭിന്നശേഷിയുള്ളവർക്കും ട്രാൻസ് ജെൻഡേഴ്സിനും വേണ്ടിയുള്ള ക്ഷേമ പരിപാടികളും പുനരധിവാസ-വികസന പരിപാടികളും പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്. ട്രാൻസ് ജെന്റേഴ്സിനുള്ള ഷെൽറ്റർ ഹോമുകൾ, സ്വയംതൊഴിൽ സംരംഭകർക്കുള്ള ധനസഹായം ധനസഹായം എന്നീ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്നതാണ്.

(13) 2016-ലെ ഭിന്നശേഷി അവകാശ നിയമം പ്രകാരമുള്ള എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട വ്യക്തികൾക്ക്, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്. സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആയിരിക്കണം ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത്. ഒരു പ്രാവശ്യം ഉപകരണം ലഭിച്ചവർക്ക് ആ ഉപകരണത്തിന്റെ ഉപയോഗ കാലാവധി കഴിയുംമുമ്പ് വീണ്ടും ഉപകരണം നൽകാൻ പാടില്ല. ആവശ്യകതാ നിർണ്ണയ ഘട്ടത്തിൽ ഇക്കാര്യം കൂടി പരിശോധിക്കണം.

(14) ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(15) കുട്ടികളുടെ ഇടയിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് ജീവിത നൈപുണ്യ വിദ്യാഭ്യാസം, ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കൽ, IEC, പാരന്റിംഗ് ക്ലിനിക്ക് എന്നിവ നടത്താവുന്നതാണ്.

(16) സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളെ ശാക്തീകരിക്കുകയും പ്രസ്തുത കമ്മറ്റികളുടെ മേൽനോട്ടത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾ സംസ്ഥാന എക്സൈസ് വകുപ്പിന്റെ വിമുക്തി എന്ന ബോധവത്കരണ മിഷനുമായി സഹകരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

Draft

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾ
- തദ്ദേശഭരണ സ്ഥാപനങ്ങളും സ്വകാര്യ സംരംഭകരും ചേർന്ന് സംയുക്ത ഉടമസ്ഥതയിൽ ആരംഭിക്കുന്ന സംരംഭങ്ങൾ
- നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണം
- പ്രാദേശിക സേവന സാധ്യതകളെ ആധാരമാക്കി പ്രവർത്തിക്കുന്ന സേവന സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

2. പ്രാദേശിക സാമ്പത്തിക വികസന പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും മറ്റ സംഘടനാപരമായ പ്രവർത്തനങ്ങൾക്കുമായി താഴെപ്പറയുന്ന ചെലവുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി വഹിക്കാവുന്നതാണ്.

    a. അവസ്ഥാപഠനം നടത്തൽ
    b. സാധ്യതാ പ്ലാൻ തയ്യാറാക്കൽ
    c. ബിസിനസ് പ്ലാൻ തയ്യാറാക്കൽ (സാങ്കേതിക വിദഗ്ധരുടെ സഹായവും ചെലവും വഹിക്കാവുന്നതാണ്)
    d. സ്കിൽ ഗ്യാപ് അനാലിസിസ് നടത്തൽ
    e. ബിസിനസ് വികസന ശില്പശാലകൾ/ഇൻവസ്റ്റേഴ്സ് മീറ്റ് നടത്തൽ
    f. എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ
    g. പ്രാദേശിക തലത്തിലുള്ള ഉത്പന്ന സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളാക്കി രൂപപ്പെടുത്തുന്നതിനായി ഹാക്കത്തോണുകൾ സംഘടിപ്പിക്കൽ

3. വിശദമായ പ്രോജക്ട് റിപ്പോർട്ട് (ബിസിനസ് പ്ലാൻ) പരിശോധിച്ച് സാങ്കേതികവും സാമ്പത്തികവുമായ ക്ഷമത ഉണ്ടെന്ന് കണ്ടെത്തുന്ന സംരംഭങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സഹായങ്ങൾ നൽകാവുന്നതാണ്. ലഭിക്കാവുന്ന പ്രത്യക്ഷ തൊഴിലുകളുടെ എണ്ണം മുഖ്യ പരിഗണനയായി എടുക്കണം. ബിസിനസ് പ്ലാനുകളുടെ സാങ്കേതിക ക്ഷമത പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ജില്ലാ തലത്തിൽ ഒരു സാങ്കേതിക സമിതി (Technical Appraisal Committee) ജില്ലാ കളക്ടർ രൂപീകരിക്കേണ്ടതാണ്. വ്യവസായ വകുപ്പിന്റെ ജില്ലാ തല ഏകജാലക സംവിധാനത്തിൽ കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തിയാണ് സാങ്കേതിക സമിതി രൂപീകരിക്കേണ്ടത്.

4. പ്രവർത്തനം നിലച്ച പോയതോ വളർച്ച മുരടിച്ചതോ ഇനിയും ഏറെ തൊഴിൽ സാധ്യതകൾ ഉള്ളതോ ആയ സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും ആവശ്യമായ ഉത്തേജന പാക്കേജിന് തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപം നൽകേണ്ടതാണ്. ഇവയുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് സംരംഭകരും തദ്ദേശ സ്വയംഭരണ സ്ഥാപനവും

Draft

ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എന്തെന്ന് വ്യക്തമാക്കുന്ന സാങ്കേതിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

5. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളും കെ.എസ്.ഐ.ഡി.സി. പോലെയുള്ള ഏജൻസികളും നിലവിൽ നടപ്പാക്കിവരുന്ന സംരംഭകത്വ സ്കീമുകളിൽ നിന്നുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും അത് സംരംഭകർക്ക് നേടിക്കൊടുക്കുന്നതിനുള്ള ഫെസിലിറ്റേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുകയും വേണം.

6. സംരംഭകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാൻ കഴിയുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

**എ. ഭൂമിയും കെട്ടിടവും**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ലഭ്യമായതും പൊതു ഉടമസ്ഥതയിലുള്ളവയുമായ ആസ്തികൾ, പ്രകൃതി വിഭവങ്ങൾ, മാനവ വിഭവശേഷി എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ അവസ്ഥാപഠനം വഴി ശേഖരിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഗ്രാമപഞ്ചായത്തുകളും/നഗരസഭകളും ജില്ലാ തലത്തിൽ ജോയിന്റ് ഡയറക്ടറും (തദ്ദേശസ്വയംഭരണ പൊതു സർവീസ്) സംസ്ഥാനതലത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പും, പ്രസിദ്ധപ്പെടുത്തണം ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തണം.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് നിബന്ധനകളുടെ അടിസ്ഥാനത്തിൽ താൽപര്യപത്രം ക്ഷണിക്കാവുന്നതാണ്. താൽപര്യമുള്ള സംരംഭകർ സംരംഭ ആശയങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രൊപ്പോസലായി നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം പരിശോധനയ്ക്കായി ആശയങ്ങൾ ജില്ലാതല സാങ്കേതിക കമ്മിറ്റിക്ക് കൈമാറണം. ജില്ലാതല കമ്മിറ്റി, സംരംഭ ആശയങ്ങൾ പരിശോധിച്ച് നടപ്പിലാക്കാൻ സാധിക്കുന്നവ പട്ടികപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണം. ഇപ്രകാരം തിരികെ ലഭ്യമായ സംരംഭ ആശയങ്ങളുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി പി ആർ) സംരംഭകർ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വീണ്ടും സമർപ്പിക്കണം. ഇത്തരം പ്രൊപ്പോസലുകൾ ജില്ലാതല സാങ്കേതിക സമിതി പരിശോധിച്ച് ഓരോ പ്രോജക്ടിന്റെയും പ്രതീക്ഷിത ഫലങ്ങൾ ഉൾപ്പെടെ പട്ടികപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തിരികെ നൽകണം. ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഭരണ സമിതി പരിശോധിച്ച് തീരുമാനമെടുക്കണം. ഇങ്ങനെ തീരുമാനമെടുക്കുമ്പോൾ സംരംഭം വഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളുടെ എണ്ണം, തൊഴിലിലൂടെ ലഭിക്കുന്ന വരുമാനം, അനുബന്ധ തൊഴിൽ/സംരംഭ സാധ്യതകൾ, പ്രാദേശിക വിഭവങ്ങളുടെ ഉപയോഗം എന്നീ മാനദണ്ഡങ്ങൾ പരിഗണിക്കണം. ഭൂമി അനുവദിക്കുന്ന പക്ഷം നിശ്ചിത കാലയളവിലേക്കുള്ള പാട്ട/വാടക അടിസ്ഥാനത്തിലുള്ള കരാറിൽ

ഏർപ്പെട്ട് ഭൂമി സംരംഭത്തിന്റെ ആവശ്യത്തിന് കാലതാമസമില്ലാതെ നിയമപരമായി കൈമാറണം.

**ബി. അടിസ്ഥാന സൗകര്യ വികസനം**

സംരഭകത്വ വികസനത്തിന് ആവശ്യമായ ചുവടെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തി നൽകാവുന്നതാണ്.

1. ഗ്രാമപഞ്ചായത്ത്/നഗരസഭ നേരിട്ട് നടത്തിവരുന്ന/ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളിൽപ്പെടുത്തി സംരഭകർക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്.
2. ജൈവ-അജൈവമാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം തുടങ്ങിയ സംവിധാനങ്ങൾക്ക് സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകാവുന്നതാണ്.
3. പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്ന പ്രവർത്തനങ്ങളെ കഴിവതും തൊഴിലുറപ്പ് പദ്ധതികളുമായും കുടുംബശ്രീ, എൻ.ആർ.എൽ.എം./ എൻ.യു.എൽ.എം, സി.എസ്.ആർ ഫണ്ടുകൾ എന്നിവയുമായി സംയോജിപ്പിക്കേണ്ടതാണ്. തൊഴിൽ കാർഡുകൾ ഇല്ലാത്ത സംരംഭകർക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.
4. നിലവിൽ സംരംഭങ്ങൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിലും ഭാവിയിൽ സംരംഭ വ്യവസായ സാധ്യതയുള്ളതായി ഡാറ്റാ ബാങ്കിൽ കണ്ടെത്തിയ പ്രദേശങ്ങളിലും സംരംഭ വികസനത്തിന് അനുകൂലമാകുന്ന തരത്തിൽ റോഡുകൾ, വൈദ്യുതി ലൈനുകൾ, തെരുവ് വിളക്കുകൾ, കുടിവെള്ള പൈപ്പ് ലൈൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ മുൻഗണനാ ക്രമത്തിൽ വികസിപ്പിക്കാവുന്നതാണ്.
5. ഗ്രാമപ്രദേശങ്ങളിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളാണ് ഫെസിലിറ്റേറ്റ് ചെയ്യുന്നതെങ്കിലും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. അതുപോലെ ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങളിൽ ചിലത് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് നേരിട്ട് നടപ്പാക്കാവുന്നതുമാണ്. (ഉദാ: വൈദ്യുതലൈൻ ദീർഘിപ്പിക്കൽ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്ത് നടപ്പാക്കാം). സാങ്കേതിക സമിതി നിശ്ചയിക്കുന്നതു പ്രകാരമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും വിഹിതം നൽകുകയും ചെയ്യാവുന്നതാണ്.
6. ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുണ്ടെങ്കിൽ സാധ്യതാപഠനം നടത്തി സംരംഭകരെ/ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ പ്ലാനുകൾ തയ്യാറാക്കുകയും അതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം നടത്തുകയും ചെയ്യാവുന്നതാണ്. ഇത്തരത്തിൽ വികസിപ്പിച്ച ഇടങ്ങൾ കരാറിന്റെ അല്ലെങ്കിൽ പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയുടെ അടിസ്ഥാനത്തിൽ സംരംഭകർക്ക് ടൂറിസം സംബന്ധിച്ച സംരംഭ പ്രവർത്തങ്ങൾക്കായി നൽകാവുന്നതാണ്.

7. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രത്യേക പരിഗണന നൽകേണ്ടതാണ്.

**സി. മാനവ വിഭവശേഷി**

1. നിലവിലുള്ള നൈപുണ്യ വികസന പദ്ധതിയായ ഡി ഡി യു ജി കെ വൈ, കേരള അക്കാഡമി ഫോർ സ്കിൽ എക്സെലൻസ് (KASE), അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിലുള്ള ആളുകളുടെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനും തൊഴിലുടമകളെയും തൊഴിൽ തേടുന്നവരെയും തമ്മിൽ ബന്ധിപ്പിക്കാൻ സാധിക്കും.
2. സംരംഭത്തിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേക നൈപുണ്യം ആവശ്യമുള്ള പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡാറ്റാ ബാങ്കിൽ നിന്നും നൈപുണ്യമുള്ളവരെ ലഭ്യമാക്കാവുന്നതാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ സംരംഭങ്ങളിലെ നിലവിലുള്ള തൊഴിൽ സാധ്യത അവസ്ഥാപഠനത്തിലൂടെ മനസ്സിലാക്കി ആവശ്യമുള്ള മേഖലകളിൽ പരിശീലന പരിപാടികൾ നടത്തി നൈപുണ്യം വികസിപ്പിക്കുക. ഇത്തരം തൊഴിലുകൾ ഏറ്റെടുക്കാൻ പ്രാപ്തമായ തൊഴിൽ സേനയെ സജ്ജമാക്കുക.
4. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകളിൽ വിദഗ്ധ തൊഴിലാളികളോടൊപ്പം തന്നെ അവിദഗ്ധ തൊഴിൽ ആവശ്യമുള്ളവരുടെ രജിസ്ട്രേഷൻ നടത്താവുന്നതും സംരംഭങ്ങൾക്ക് ആവശ്യമുള്ള പക്ഷം രജിസ്റ്റർ ചെയ്തവരെ ലഭ്യമാക്കാവുന്നതുമാണ്.

**ഡി. സാമ്പത്തികം**

1. സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിനായി ഖണ്ഡിക 3.4.1 (7), (8) എന്നീ ഖണ്ഡികകളിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.
2. ബ്ലോക്കുതല ബാങ്കേഴ്സ് സമിതിയുമായി അർദ്ധ വാർഷിക/വാർഷിക അടിസ്ഥാനത്തിൽ ആശയവിനിമയം നടത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലെ സംരംഭകരുടെ സംരംഭ സാധ്യതകൾക്ക് അനുസൃതമായ ക്രെഡിറ്റ് പ്ലാൻ ചർച്ച ചെയ്യുകയും ചെയ്യാവുന്നതാണ്.
3. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി സംരംഭകർക്കും പരിശീലനങ്ങൾക്കും നൽകാവുന്ന ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനുശാസിച്ചിട്ടുള്ള കാലയളവിൽ എല്ലാ ആവശ്യങ്ങൾക്കുമുള്ള ലൈസൻസ്/ അനുമതിയായി അവ കണക്കാക്കാവുന്നതാണ്.

5. പരമാവധി 2.02 ആർ വിസ്തൃതിയുള്ളതും വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ (റവന്യൂ രേഖകളിൽ നെൽ വയൽ ആയോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിൽ നെൽ വയൽ ആയോ തണ്ണീർത്തടമായോ ഉൾപ്പെടാത്തതുമായ ഭൂമി) 40 ചതുരശ്രമീറ്റർ വിസ്തീർണവുമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ആർ.ഡി.ഒ യുടെ അനുമതി ഇല്ലാതെ തന്നെ ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകാവുന്നതാണ്.

6. സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന കെ സ്വിഫ്റ്റിന്റെ ഹെൽപ് ഡെസ്ക് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. എല്ലാ സംരംഭക/നൈപുണ്യ സഹായങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുകയും സംശയ നിവാരണം നടത്തുകയും ചെയ്യുന്ന സംവിധാനമായി ഹെൽപ്പ് ഡെസ്കിന്റെ നിലവാരം ഉയർത്തണം. കൂടാതെ കെസ്വിഫ്റ്റിന്റെ സർട്ടിഫിക്കറ്റ് കാലാവധി കഴിഞ്ഞതിനു ശേഷമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള പെർമിറ്റുകൾ, അനുമതികൾ എന്നിവ സമയബന്ധിതമായി സംരംഭകർക്ക് നൽകുന്നതിനുള്ള സഹായ സംവിധാനമായി അത് പ്രവർത്തിക്കണം.

7. 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് പ്രകാരം വ്യവസായങ്ങൾ തുടങ്ങുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും, കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ നിർബന്ധമായും പ്രാവർത്തികമാക്കേണ്ടതാണ്.

8. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിടമോ ഭൂമിയോ പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലോ വാടക/പാട്ട വ്യവസ്ഥയിലോ കൈമാറുന്ന സാഹചര്യത്തിൽ സമയബന്ധിതമായ കരാറിൽ ഏർപ്പെടണം. തുടർന്ന് കാലതാമസമില്ലാതെ പ്രസ്തുത ഭൂമി/കെട്ടിടം കൈമാറാനുള്ള സാഹചര്യമൊരുക്കുകയും വേണം.

9. സംരംഭങ്ങളിൽ അനാവശ്യമായ പരിശോധനകൾ ഒഴിവാക്കണം. നടത്തുന്ന പരിശോധനകൾ കൃത്യമായി നിർവ്വചിക്കപ്പെട്ടതും വസ്തുനിഷ്ഠവുമായ ഘടകങ്ങളെ അടിസ്ഥാനമാക്കിയും ആയിരിക്കണം. പരിശോധന ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്നവരുടെ മാന്യമായ പെരുമാറ്റവും സംരംഭകരോടുള്ള സഹകരണവും ഉറപ്പാക്കണം.

## II. നൈപുണ്യ വികസനം

നൈപുണ്യ വികസന മേഖലയിൽ ശേഷികൾ ആർജ്ജിക്കുന്നതിന് വേണ്ടിവരുന്ന സഹായങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട പിന്തുണകൾ സംബന്ധിച്ച വിവരങ്ങൾ ചുവടേ ചേർക്കുന്നു.

1. ട്രേഡ് സ്പെസിഫിക് കോഴ്സുകളും ഹ്രസ്വകാല ബ്രിഡ്ജ് കോഴ്സുകളും നൽകി നേരിട്ട് തൊഴിലിലേക്ക് ബന്ധിപ്പിക്കാവുന്നവർ, നിലവിലെ ആർജ്ജിത വൈദഗ്ദ്ധ്യത്തിന് അംഗീകാരം (Recognition of Prior Learning - RPL) നൽകേണ്ടവർ, അധിക നൈപുണ്യവും പുനർ നൈപുണ്യവും ആവശ്യമുള്ളവർ (പുതിയ മേഖലകളിൽ നൈപുണ്യം നേടുക, നിലവിൽ വൈദഗ്ദ്ധ്യമുള്ള മേഖലകളുമായി ബന്ധമുള്ള മറ്റ് മേഖലകളിൽ നൈപുണ്യം നേടുക - Up - Skilling and Re-skilling, എന്നിവർക്ക് ആവശ്യമുള്ള നൈപുണ്യ വികസന പരിശീലന പരിപാടികൾ ഏറ്റെടുക്കേണ്ടതാണ്.
2. PIP (Performance Improvement Programme - നിവിലുള്ള ജോലിയിൽ നിന്ന് ഉയർന്ന ജോലി നേടുന്നതിനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുക, കാര്യശേഷി വർദ്ധിപ്പിക്കുക) തുടങ്ങി വിവിധ തരത്തിലുള്ള പരിശീലനങ്ങളും നൽകാവുന്നതാണ്.
3. നിലവിലെ വ്യാവസായിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിന് ആവശ്യമായ പരിശീലനങ്ങൾ (Industry - Readiness and Soft skills) സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
4. ദിനാന്ത്യ വാരാന്ത്യ പരിശീലന ക്ലാസുകളും ഇവയ്ക്കായി സംഘടിപ്പിക്കാവുന്നതാണ്.
5. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള യുവാക്കളുടെ പരിശീലന ആവശ്യങ്ങളും നിലവിലുള്ള നൈപുണ്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി അവ ഡാറ്റ ബാങ്കിൽ ഉൾപ്പെടുത്തണം.
6. പ്രാദേശികമായി ലഭ്യമാകുന്ന തൊഴിൽ സാധ്യതകൾ ഉൾപ്പെടുത്തി വേക്കൻസി ബാങ്ക് ഉണ്ടാക്കുക.
7. ഇൻഡസ്ട്രിയൽ റെഡിനെസ് സെന്ററുകൾ സ്ഥാപിക്കാവുന്നതാണ്. പരിശീലനം നൽകാൻ ശേഷിയുള്ള പാനൽ രൂപീകരിക്കുക.
8. സ്വകാര്യ, പൊതു മേഖലാ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.
9. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട്, പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഓൺ ദി ജോബ് പരിശീലനം, അപ്രെന്റിസ്ഷിപ് എന്നിവ ലഭ്യമാക്കുന്നതിന് ഇടപെടൽ നടത്തുക.
10. പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾക്കായി നൽകാവുന്ന സാമ്പത്തിക സഹായങ്ങൾ/സബ്സിഡികൾ എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 8. വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ, നിബന്ധനകൾ

### 8.1 ഹരിതകേരളം മിഷൻ

(1) ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖ സ്വാംശീകരിച്ചുകൊണ്ടാകണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക, ജലസംരക്ഷണ, മാലിന്യസംസ്കരണ മേഖലകളിലെ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

15 ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഗ്രാമതലത്തിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ ഭാരത് മിഷൻ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതം, അർബൻ അഗ്ലോമറേഷൻ വിഹിതം എന്നിവയുടെ സാദ്ധ്യതകൾ ഉപയോഗിക്കണം.

16 മാലിന്യ സംസ്കരണ മേഖലയിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. മിക്സഡ് വേസ്റ്റ് പൂർണ്ണമായി നീക്കം ചെയ്യൽ പദ്ധതികളുടെ ഭാഗമാകണം. ബയോ മെഡിക്കൽ മാലിന്യം (സാനിറ്ററി വേസ്റ്റ് ഉൾപ്പെടെ) സംസ്കരിക്കുന്നതിനും, കെട്ടിട അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനും ജില്ലാതലങ്ങളിൽ പദ്ധതികൾ പരിഗണിക്കണം. പതിനാലാം പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ തന്നെ ഖര, ദ്രവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ പ്രോജക്ടുകൾ നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വ പദവി ആർജ്ജിക്കാൻ കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയണം.

17. ബയോ മെഡിക്കൽ മാലിന്യം, സാനിട്ടറി വേസ്റ്റ് എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

18. പൊതു നിരത്തുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക്, മരുന്നു സ്ട്രിപ്പുകൾ, ടൂത്ത് പേസ്റ്റ് തുടങ്ങിയവയുടെ ട്യൂബുകളും കവറുകളും, ലെതർ, ഇ-വേസ്റ്റ്, ടയർ, ചെരുപ്പുകൾ, ബാറ്ററികൾ. ലോഹാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക്കിലും ഗ്ലാസ്സിലുമുള്ള ശീതളപാനീയങ്ങളുടെയും മദ്യത്തിന്റെയും ഒഴിഞ്ഞ കുപ്പികൾ, ടെക്സ്റ്റോപായ്ക്കുകൾ, തെർമോകോൾ, കേബിളുകൾ, പാഴ് തുണികൾ, പഴയ ബാഗുകൾ, കെട്ടിടാവശിഷ്ടങ്ങൾ, പാഴ് തടികൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്ത് നിരത്തുകൾ ആകർഷകമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

19. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിത കർമ്മസേന / സംരംഭങ്ങൾ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം വിലക്ക് വാങ്ങി കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്. ഇതിന്റെ വില ജില്ലാസമിതി നിശ്ചയിച്ച് നൽകണം.

20. കെട്ടിടനിർമ്മാണ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനുമുള്ള ക്രമീകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തണം.

21. ഇറച്ചിമാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഡി.പി.സിയുടെ മേൽനോട്ടത്തിലും സാങ്കേതികസഹായത്തോടെയും ഏറ്റെടക്കാവുന്നതാണ്.

22. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിനായി മുളയും ഈറ്റയും ഉപയോഗിച്ച് കേരള ബാംബൂ കോർപ്പറേഷൻ നിർമ്മിക്കുന്ന കൂട്ടകൾ വാങ്ങി നൽകുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

23. മാലിന്യ വിവരശേഖരം തയ്യാറാക്കാൻ സ്മാർട്ട് ഗാർബേജ് ആപ്പ് പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. (കേരളത്തിലെ മുഴുവൻ വീടുകളിലേയും സ്ഥാപനങ്ങളിലേയും മാലിന്യ ഉത്പാദനം, സംസ്കരണം, ശേഖരണം, കൈമാറൽ എന്നിവയെ സംബന്ധിച്ച് സമഗ്രമായ ഒരു വിവരശേഖരം തയ്യാറാക്കുക എന്നത് തദ്ദേശ സ്ഥാപനങ്ങൾ സമ്പൂർണ്ണ

ശുചിത്വപദവി ആർജ്ജിക്കുന്നതിൽ നിർണ്ണായകമാണ്. കെൽട്രോണിന്റെ സഹായത്തോടെ ഒരു മൊബൈൽ ആപ്പ് സംവിധാനം സ്മാർട്ട് ഗാർബേജ് ആപ്പ് എന്ന പേരിൽ തയ്യാറായിക്കഴിഞ്ഞു. അതിന് താഴെ തലത്തിൽ ഹരിതകർമ്മസേനകൾ വരെ എത്തുന്ന പരിശീലന ശൃംഖല ശുചിത്വമിഷൻ, ഹരിതകേരള മിഷൻ, കില എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. അടിസ്ഥാന വിവരശേഖരം തയ്യാറാക്കാനും അപ്പപ്പോൾ പുതുക്കാനും ഈ സംവിധാനത്തിലൂടെ കഴിയും. സംസ്ഥാനത്തെ ഗാർഹിക, ഖരമാലിന്യ സംസ്കരണത്തിന് സ്ഥാപനതല സംവിധാനങ്ങൾ സമ്പൂർണ്ണമായി ഉറപ്പാക്കൽ, ആവശ്യമായ പൊതു സംവിധാനങ്ങൾ ഒരുക്കൽ, ഹരിതകർമ്മ സേനകളുടെ പ്രവർത്തനത്തെ ഫലപ്രദമായി വിലയിരുത്തൽ, പോരായ്മകൾ പരിഹരിക്കൽ, വിവിധ തലങ്ങളിലെ മാലിന്യനീക്കം നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കൽ എന്നിവ ഈ ആപ്പിന്റെ സഹായത്തോടെ സാദ്ധ്യമാകും. ഉപയോക്താക്കൾക്ക് അതത് സമയത്ത് ആവശ്യമായ പരാതികളും, ആവശ്യങ്ങളും ഉന്നയിക്കാനും ഇതിലൂടെ കഴിയും. വാർഡ്തല ശുചിത്വ ആരോഗ്യ സമിതികളുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തൽ, ഗാർഹിക - സ്ഥാപനതല പൊതു വിവരശേഖരണം, നിലവിലെ വിടവുകൾ തിരിച്ചറിഞ്ഞ് ആവശ്യമായ മാലിന്യശേഖരണം, സംഭരണം, സംസ്കരണം, കൈമാറൽ പദ്ധതികൾ തയ്യാറാക്കൽ എന്നീ ഉത്തരവാദിത്തങ്ങൾ തദ്ദേശസ്ഥാപനങ്ങൾ നിർവ്വഹിക്കണം. സ്മാർട്ട് ഗാർബേജ് ആപ്പ് ഉപയോഗിച്ചുള്ള പ്രവർത്തനം ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്).

24. വിവിധ തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മലിനജല സംസ്കരണം, കക്കൂസ് മാലിന്യ സംസ്കരണം എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കണം .ഇതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛഭാരത് മിഷൻ2-, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ സംയോജന സാധ്യതകൾ ഉപയോഗിക്കണം ഗാർഹികതല പദ്ധതികൾക്ക് .മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗിക്കണം .
25. ചന്തകൾ, ടൗൺഷിപ്പുകൾ, കൂടുതൽ ജനങ്ങൾ താമസിക്കുന്ന സങ്കേതങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഉണ്ടാകുന്ന മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
26. ദ്രവമാലിന്യ സംസ്കരണത്തിനായി 50 അല്ലെങ്കിൽ പരിമിതപ്പെടുത്താവുന്ന എണ്ണം വീടുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ രൂപപ്പെടുത്തി ക്ലസ്റ്ററിലെ വീടുകൾക്ക്/സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയും വിധം ആ പ്രദേശത്തിനകത്ത് ലഭ്യമാകുന്ന സ്കൂൾ/ പൊതു സ്ഥാപനങ്ങൾ എന്നിവയുടെ ഭൂമിയിൽ ചെറുകിട ഇ.റ്റി.പി (Effluent Treatment Plant) എസ്.റ്റി.പി (Sewage Treatment Plant) സ്ഥാപിക്കുന്നതിന് പൊതു–സ്വകാര്യ പങ്കാളിത്തത്തോടെ പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

**27. ദ്രവമാലിന്യ സംസ്കരണം - തെളിനീരൊഴുകും നവ കേരളം**

(i) സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളുടേയും ശുദ്ധീകരണത്തിന് സർക്കാർ വിപുലമായ ഒരു ജനകീയ ക്യാമ്പയിൻ ഈ പദ്ധതി വർഷത്തിൽ ഏറ്റെടുക്കുകയാണ് തെളിനീരൊഴുകും നവകേരളം . എന്ന പേരിലുള്ള ഈ ക്യാമ്പയിനിൽ വാർഡ്തലംമുതലുള്ള ജനകീയ സമിതികളുടെ

14) ദുരന്ത നിവാരണ വകുപ്പ് നിർദ്ദേശിക്കുന്ന തരത്തിൽ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയേഴ്സിനെ പരിശീലിപ്പിച്ച് ഗ്രൂപ്പ് രൂപീകരിക്കുക

**അനുബന്ധം 3**

**വികസന മുൻഗണന – അഭിപ്രായ സർവേ**

| വികസന പ്രശ്നങ്ങൾ / വികസന സാധ്യതകൾ* | മുൻഗണനാക്രമം റാങ്ക് നൽകി അടയാളപ്പെടുത്തുക |
|---|---|
| കൃഷി : നെല്ലിന്റേയും പച്ചക്കറിയുടേയും ഉത്പാദനം | |
| മൃഗ പരിപാലനം : പാൽ, മുട്ട, ഇറച്ചി ഉത്പാദനം | |
| മാലിന്യം : മാലിന്യ നിർമ്മാർജ്ജനം | |
| പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുക | |
| പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുക | |
| തൊഴിലവസരങ്ങൾ സൃഷ്ടിക്കുക | |
| സംരംഭകത്വ വികസനം | |
| കുടിവെള്ളം, ജലസംരക്ഷണം | |
| റോഡും ഗതാഗതവും | |
| പട്ടികജാതി ക്ഷേമവും വികസനവും | |
| സ്ത്രീ സുരക്ഷ –സ്ത്രീ ശാക്തീകരണം | |
| കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമം | |
| കലയും കായിക വിനോദവും വികസിപ്പിക്കൽ | |
| പഞ്ചായത്ത് ഓഫീസിന്റെ സേവനം മെച്ചപ്പെടുത്തുക | |

കുറിപ്പ്:-താങ്കളുടെ അഭിപ്രായത്തിൽ ഏറ്റവും ഉയർന്ന പരിഗണന എന്ന് തോന്നുന്ന ഐറ്റത്തിന് റാങ്ക് നമ്പർ 1 എന്നും തുടർന്നുള്ളവയ്ക്ക് അവയുടെ പരിഗണനാ ക്രമത്തിലും റാങ്ക് നമ്പർ നൽകേണ്ടതാണ്.

* മുകളിൽ പ്രതിപാദിച്ചവയ്ക്ക് പുറമെ അധികമായി ഉൾപ്പെടുത്തണം എന്നു തദ്ദേശഭരണ സ്ഥാപനം കരുതുന്ന പ്രശ്നങ്ങൾ എഴുതി ചേർത്ത് റാങ്ക് നിശ്ചയിക്കാവുന്നതാണ്.

